# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1703** **10.03.2020-ൽ** മറുപടിയ്ക്ക്

## പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾ

| **ചോദ്യം**<br>ശ്രീ.കെ.സി.ജോസഫ് | **മറുപടി**<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾക്കായി 2018-19, 2019-20 വർഷങ്ങളിൽ എത്ര കോടി രൂപ വീതമാണ് ബജറ്റിൽ വകയിരുത്തിയതെന്നും ഇതിൽ എത്ര കോടി ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ; | എ) പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നത് ഉൾപ്പെടെയുള്ള നോർക്ക-റിപ്പാട്രിയേഷൻ പദ്ധതിയുടെ ചെലവുകൾക്കായി 2018-19 വർഷം 2 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. പ്രസ്തുത സാമ്പത്തിക വർഷം (2018-19) മൃതദേഹം നാട്ടിലെത്തിക്കുന്നതിലേക്കായി അപേക്ഷകൾ ഒന്നും തന്നെ ലഭിച്ചിരുന്നില്ല. 2019-20 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 72 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിലേക്കായി 18.68 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |
| ബി) ഈ കാലയളവിൽ ഏതെല്ലാം രാജ്യങ്ങളിൽ നിന്നും എത്ര മൃതദേഹങ്ങളാണ് നാട്ടിൽ എത്തിക്കാൻ സഹായിച്ചതെന്നും ഇവ ഒരോന്നിനും എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ; | ബി) ഈ പദ്ധതി നിലവിൽ വന്ന ശേഷം അർഹരായ 13 പേർ സഹായം ആവശ്യപ്പെടുകയും അവർക്ക് സഹായം നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) സംസ്ഥാനത്തെ ഏതെല്ലാം വിമാനത്താവളങ്ങളിൽ പ്രവാസികൾക്കായി ആംബുലൻസ് സർവ്വീസ് ഇതിനോടകം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഇതിന് എത്ര രൂപ ചെലവായെന്നും വെളിപ്പെടുത്താമോ? | സി) കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ വിമാനത്താവളങ്ങൾക്ക് പുറമെ കേരളത്തിന്റെ തൊട്ടടുത്തുള്ള മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിൽകൂടി നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ട്.<br>ഈ പദ്ധതി നിലവിൽ വന്ന ശേഷം 2018-19 വർഷം 15.91 ലക്ഷം രൂപയും, 2019-20 വർഷം ഇതുവരെ 26.15 ലക്ഷം രൂപയും ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### നോർക്ക-അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം

| ക്രമം നം. | മരണമടഞ്ഞ പ്രവാസിയുടെ പേര് | രാജ്യം | ചെലവായ തുക (രൂപ) |
|---|---|---|---|
| 1 | മിർസ്സാ അഷ്റഫ് | ചൈന | 8,28,285/- |
| 2 | വേലായുധൻ | സൗദി അറേബ്യ (ഡൽഹി എയർപോർട്ടിൽ വച്ച് മരണമടഞ്ഞു) | 31,585/- |
| 3 | സാജൻ എൽ.ആർ | ഫിലിപ്പൈൻസ് | 2,54,294/- |
| 4 | ലെസ്ലി എരമംഗലം | സൗദി അറേബ്യ | 62,106/- |
| 5 | നേപ്പാളിലുണ്ടായ അപകടത്തിൽ മരണമടഞ്ഞ 8 പേർ | നേപ്പാൾ | 6,16,000/- |
| 6 | ഹംസ മുഹമ്മദ് | സൗദി അറേബ്യ | (ഏകദേശം) 76,207/- |
| | | ആകെ | 18,68,477/- |

സെക്ഷൻ ഓഫീസർ